**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **30-01-2024 - ൽ മറുപടിയ്ക്ക്**

**ജീവനക്കാർക്കുള്ള ലീവ് ട്രാവൽ കൺസെഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 02/01/2013 തീയതിയിലെ സ.ഉ(പി) നം. 5/2013/ ധന ഉത്തരവ് അനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അവധി യാത്രാ ആനുകൂല്യം (Leave Travel Concession- LTC) അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ ഖണ്ഡിക 5 -ൽ "Admissibility of Leave Travel Concession" സംബന്ധിച്ച് വിശദമാക്കിയിട്ടുണ്ട്. അതനുസരിച്ച് താഴെപ്പറയുന്ന വ്യവസ്ഥകളാണ് അവധി യാത്രാ ആനുകൂല്യം അനുവദിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ.<br><br>1. ഈ ഉത്തരവിന്റെ ഖണ്ഡിക 2 (i), (ii), (iii) -ൽ രേഖപ്പെടുത്തിയിട്ടുള്ള കാറ്റഗറിയിലെ ജീവനക്കാർക്ക് അവരുടെ കുടുംബത്തോടൊപ്പം എൽ.ടി.സി പ്രയോജനപ്പെടുത്തി യാത്ര നടത്താവുന്നതാണ്. എൽ.ടി.സി മുഖേന യാത്ര നടത്തുന്ന ജീവനക്കാർക്ക് യാത്ര നടത്തുന്ന തീയതിയിൽ സംസ്ഥാന സർക്കാരിനു കീഴിലോ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ അല്ലെങ്കിൽ രണ്ട് കാലയളവും കൂടി ചേർന്നോ 15 വർഷത്തെ regular continuous സർവ്വീസ് പൂർത്തിയായിരിക്കേണ്ടതാണ്. ഈ കാലയളവ് കണക്കാക്കുന്നതിനായി സർക്കാർ ജീവനക്കാരനു പെൻഷനു വേണ്ടി കണക്കുകൂട്ടുന്ന സേവന കാലയളവ് കണക്കാക്കിയാൽ മതി. മുഴുവൻ സേവനകാലയളവിൽ ഒരൊറ്റത്തവണ മാത്രമാണ് ഈ ആനുകൂല്യത്തിനു അർഹതയുള്ളത്.<br>2. യോഗ്യരായ എല്ലാ ജീവനക്കാർക്കും അവധി ദിവസങ്ങൾ ഉൾപ്പെടെ പരമാവധി 15 |

| | | | |
|---|---|---|---|
| | | | ദിവസത്തേക്കാണ് എൽ.ടി.സി അനുവദിക്കുന്നത്.<br>3. കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ്, മെറ്റേർണിറ്റി ലീവ് എന്നിവ ഒഴികെ മറ്റു ഏത് അവധിക്കാലയളവിലും സ്ഥിരം ജീവനക്കാർക്ക് എൽ.ടി.സി അനുവദനീയമാണ്. എൽ.ടി.സി പ്രയോജനപ്പെടുത്തുന്നതിനായി എടുക്കുന്ന കാലയളവ് earned leave, half pay leave, commuted leave അല്ലെങ്കിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരമുള്ള leave without allowance എന്നീ അവധികൾ നൽകി ക്രമീകരിക്കാവുന്നതാണ്.<br>4. സ്കൂളുകളിലെയും കോളേജുകളിലെയും അധ്യാപകർക്ക് വെക്കേഷൻ കാലയളവിൽ എൽ.ടി.സി അനുവദിക്കും.<br>5. വിരമിക്കുന്നതിനു മുന്നോടിയായി എടുക്കുന്ന അവധി കാലയളവിലും എൽ.ടി.സി അനുവദിക്കും.<br>6. ട്രെയിൻ ടിക്കറ്റ്/ ബസ് ടിക്കറ്റ്/ വിമാന ടിക്കറ്റ് തുടങ്ങി യഥാർത്ഥ ടിക്കറ്റുകൾ ക്ളെയിമിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| (ബി) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷൻ അനുവദിക്കേണ്ടത് സേവനം ചെയ്യുന്ന വകുപ്പിൽ നിന്നാണോ, അല്ലെങ്കിൽ മാതൃ വകുപ്പിൽ നിന്നാണോ എന്ന് വ്യക്തമാക്കാമോ? | (ബി) | 02/01/2013 തീയതിയിലെ സ.ഉ(പി) നം. 5/2013/ ധന ഉത്തരവിലെ ഖണ്ഡിക 11 അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ബോർഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ/ഫോറിൻ സർവ്വീസിൽ ഉള്ള സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ ലീവ് ട്രാവൽ കൺസഷനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ ഈ ജീവനക്കാർക്ക് ലീവ് ട്രാവൽ കൺസഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ ലീവ് ട്രാവൽ കൺസഷൻ സംബന്ധിച്ച ചെലവ് ഇത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോകുന്ന സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ